ചെങ്ങമനാട് പോലീസ്, സെൻറ് ജോസഫ് ഹൈസ്കൂൾ എന്നിവർ സംയുക്തമായി പൂവ്വത്തുശ്ശേരിയിൽ ജനകീയ ലഹരി വിരുദ്ധ പ്രചരണ പരിപാടി നടത്തി. സെൻറ് ജോസഫ് ഹൈസ്കൂളിൽ നടന്ന ചടങ്ങ് ചെങ്ങമനാട് എസ് എച്ച് ഒ, വി.എസ്.വിപിൻ ഉദ്ഘാടനം ചെയ്തു. പ്രധാന അദ്ധ്യാപിക സിസ്റ്റർ മരിയാ പോൾ അദ്ധ്യക്ഷയായിരുന്നു. ഡി.വൈ.എസ്.പി പി.കെ.ശിവൻകുട്ടി, വാർഡ് മെംബർ ഡെയ്സി ടോമി, പി ടി എ പ്രസിഡൻറ് ഷാജു കുറ്റിക്കാടൻ ചെങ്ങമനാട് പ്രിൻസിപ്പൽ എസ് ഐ . ഷാജി എസ് നായർ, എസ്. ഐ പി.ഡി ബെന്നി എന്നിവർ പ്രസംഗിച്ചു. തുടർന്ന് നടന്ന ലഹരി വിരുദ്ധ റാലി എസ്.എച്ച് ഒ വിപിൻ ഫ്ലാഗ് ഓഫ് ചെയ്തു. ഫ്ലാഷ് മോബും ഉണ്ടായിരുന്നു.